പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 44 27/06/2011 ൽ മറുപടിക്ക്

<u>ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി</u>

| <u>ചോദ്യം:</u> | <u>ഉത്തരം:</u> |
| --- | --- |
| ശ്രീ. കെ. രാജു | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിവിധ വകുപ്പുകൾ യഥാ സമയം വേക്കൻസികൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാത്തതുമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എല്ലാ ഒഴിവുകളും അടിയന്തിര മായി റിപ്പോർട്ട് ചെയ്യിപ്പിക്കുവാനും നിയമനങ്ങൾ ത്വരിതപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ? | (ബി) നടപ്പു സാമ്പത്തിക വർഷത്തിൽ 31.3.2012വരെ ഉണ്ടാകാൻ സാദ്ധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31.3.2012ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണ മായി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന ഒഴിവുകൾ ഉൾപ്പെടെ രണ്ടാഴ്ചയ്ക്കകം നിർബ്ബന്ധമായും കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾ ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഒഴിവുള്ള തസ്തികയുടെ റാങ്ക്‌ലിസ്റ്റിന്റെ കാലാവധി തീരുന്ന ദിവസം വരെയുള്ള ഒഴിവുകൾകൂടി കണക്കിലെടുത്തു കൊണ്ടായിരിക്കണം നിയമനാധികാരികൾ ഒഴിവുകൾ പി.എസ്.സി.യെ അറിയി ക്കേണ്ടത് എന്നും നിർദ്ദേശം നൽകിയി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ